എടരിക്കോട് 'കെല്ലി' ന്റെ രണ്ടാഘട്ട നവീകരണ പ്രവർത്തനങ്ങൾ

171 (5061) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടരിക്കോട് 'കെല്ലി'ന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) എത്ര തുകയാണ് നവീകരണത്തിനായി വകയിരുത്തിയിരിക്കുന്നത് ;

(സി) ഇതുവഴി ഉൽപ്പാദനത്തിൽ എത്ര വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ & ബി) കെൽ-ന്റെ എടരിക്കോട് യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉല്പാദനം തുടങ്ങുന്നതിനായി 300 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിരുന്നു. സർക്കാരിൽനിന്നും ഇതിനായി 146.87 ലക്ഷം രൂപ 24-3-2010-ലെ ജി.ഒ.(ആർ.റ്റി)395/10/ഐ.ഡി. പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. 2010 ജനുവരി മുതൽ ഇവിടെ ട്രാൻസ്ഫോർമറുകൾ ഉല്പാദനം തുടങ്ങുകയും പ്രതിമാസം 100 ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

(സി & ഡി) നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ബാക്കി തുകയായ 153.13 ലക്ഷം രൂപ നല്കുന്നതിന് 14-7-2010-ലെ ജി.ഒ.(ആർ.റ്റി)1001/10/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നതോടെ പ്രതിമാസ ഉല്പാദനം 150 ട്രാൻസ്ഫോർമറുകളായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അലോട്ട് ചെയ്യാനുള്ള പ്ലോട്ടുകൾ

172 (5062) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കരപ്പള്ളി -തങ്കി (എൻ.എച്ച്) ജംഗ്ഷനിലെ സിഡ്കോ മിനി എസ്റ്റേറ്റിലും അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും എത്ര പ്ലോട്ടുകളാണ് അലോട്ട് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വെറുതെ കിടക്കുന്ന എത്ര പ്ലോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേസ്സിൽപ്പെട്ടിട്ടുള്ള പ്ലോട്ടുകളെത്രയുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly